**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- ഡോ. ലക്ഷ്മി രാജ്മോഹൻ, ജൂനിയർ കൺസൾട്ടന്റ് (ഒബ്ജി), ഫയൽ ചെയ്ത ഒ.എ(ഇ.കെ.എം) -1716/2022 മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 21.11.2022 ലെ അന്തിമ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു,

പരാമർശം: 1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ(ഇ.കെ.എം) -1223/2022 മേലുള്ള 17.08.2022 ലെ അന്തിമ വിധിന്യായം
2. ഉത്തരവ് നം. ഇ.എ1-34184/2022/ആ.വ.ഡ തീയതി 16.11.2022
3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ(ഇ.കെ.എം) -1716/2022 മേലുള്ള 21.11.2022 ലെ അന്തിമ വിധിന്യായം

**ഉത്തരവ് നം. ഇ.എ1- 34184/2022/ആ.വ.ഡ തീയതി 07.12.2022**

2021 ലെ പൊതു സ്ഥലംമാറ്റത്തിന്റെ ഭാഗമായി കോഴിക്കോട് ഫറൂഖ് താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയിരുന്ന ഡോ. അർച്ചന.കെ.ഒ യെ കോഴിക്കോട് കുറ്റിയാടി താലൂക്ക് ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റിയ ഉത്തരവിനെതിരെ ടി മെഡിക്കൽ ഓഫീസർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒ.എ(ഇ.കെ.എം)-1223/2022 മേലുള്ള 17.08.2022ലെ അന്തിമ വിധിന്യായം നടപ്പിലാക്കുന്നതിനായി കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ നിലവിൽ ജോലി ചെയ്യുന്ന ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ്മാരിൽ സ്റ്റേഷൻ സീനിയറും ടി സ്ഥാപനത്തിൽ 5 വർഷ സേവന കാലയളവ് പൂർത്തിയാക്കിയതുമായ ഡോ. ലക്ഷ്മി രാജ്മോഹൻ (പെൻ: 711757)-നെ വടകര ജില്ലാ ആശുപത്രിയിൽ നിലവിലുണ്ടായിരുന്ന ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവിലേയ്ക്ക് സ്ഥലംമാറ്റി പകരം ഡോ. അർച്ചന.കെ.ഒ (പെൻ: 602899)-യെ കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ നിയമിച്ച് പരാമർശം (2) പ്രകാരം ഉത്തരവ് നൽകിയിരുന്നു.

എന്നാൽ പ്രസ്തുത ഉത്തരവിനെതിരെ ഡോ. ലക്ഷ്മി രാജ്മോഹൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഒ.എ(ഇ.കെ.എം)-1716/2022 ഫയൽ ചെയ്യുകയും ആയതിന്റെ 21.11.2022 ലെ അന്തിമ ഉത്തരവിൽ, സ്ഥലംമാറ്റം അനുവദിക്കുന്നതിന് മുൻപ് ഡോ. ലക്ഷ്മി രാജ്മോഹൻ-നെ ഹിയറിംഗ് നടത്താത്തതിനാൽ പരാമർശം (2) പ്രകാരമുള്ള ഉത്തരവ് റദ്ദ് ചെയ്ത് കൊണ്ടും ഡോ. ലക്ഷ്മി രാജ്മോഹൻ-നെയും ഡോ. അർച്ചന. കെ.ഒ യെയും ടി ഉത്തരവ് ബാധിക്കുന്ന മറ്റ് മെഡിക്കൽ ഓഫീസർമാരെയും ഹിയറിംഗ് നടത്തി പുതിയൊരു ഉത്തരവ് നൽകണമെന്നും നിർദ്ദേശിച്ച് പരാമർശം (3) പ്രകാരം ഉത്തരവായിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ടി മെഡിക്കൽ ഓഫീസർമാരെ ഹിയറിംഗ് നടത്തിയതിന്റെയും ഡോ. ലക്ഷ്മി രാജ്മോഹൻ-ന്റെയും ഡോ. അർച്ചന.കെ.ഒ യുടെയും സേവനവിവരങ്ങൾ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ ഡോ. അർച്ചന.കെ.ഒ, സർവീസിൽ പ്രവേശിച്ച തീയതിയായ 18.01.2002 മുതൽ നാളിതു വരെയും കോഴിക്കോട് ജില്ലയിൽ തന്നെയാണ്

ജോലി ചെയ്തിരുന്നതെന്നും എന്നാൽ ലക്ഷ്മി രാജ്മോഹൻ പത്തനംതിട്ട, വയനാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ ജോലി ചെയ്തിട്ടുള്ളതായും കാണുന്നു.

പ്രസ്തുത സാഹചര്യത്തിൽ ഡോ. അർച്ചന.കെ.ഒ-യെ കോഴിക്കോട് കുറ്റിയാടി താലൂക്ക് ആശുപത്രിയിലും ഡോ. ലക്ഷ്മി രാജ്മോഹൻ-നെ കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലും നിലനിർത്തി ഉത്തരവാകുന്നു.

മേൽപ്രകാരം ഒ.എ(ഇ.കെ.എം) -1716/2022 മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൻെറ 21.11.2022 ലെ അന്തിമ വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

**ഒപ്പ്**
**ഡോ.വി. മീനാക്ഷി**
**ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജ്**

സ്വീകർത്താവ്

1. ഡോ. അർച്ചന.കെ.ഒ, ജൂനിയർ കൺസൾട്ടന്റ് (ഒജി), താലൂക്ക് ആശുപത്രി, കുറ്റിയാടി, കോഴിക്കോട്
2. ഡോ. ലക്ഷ്മി രാജ്മോഹൻ, ജൂനിയർ കൺസൾട്ടന്റ് (ഒജി), സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, കോഴിക്കോട്

പകർപ്പ്:

1. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
2. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബ ക്ഷേമ (എ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
3. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), കോഴിക്കോട്
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
5. ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർ
6. ഫയൽ/ കരുതൽ ഫയൽ.

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**